**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 635** **08-10-2024 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ സംസ്കരണ വ്യവസായ സാധ്യതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ. എച്ച്. സലാം,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. ആന്റണി ജോൺ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾക്ക് ഏറ്റവും അനുയോജ്യമായ ആവാസ വ്യവസ്ഥ സംസ്ഥാനത്തുണ്ടെന്ന് ഏതെങ്കിലും ഏജൻസികൾ നടത്തിയ പഠനങ്ങൾ തെളിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾക്ക് ഏറ്റവും അനുയോജ്യമായ ആവാസ വ്യവസ്ഥ സംസ്ഥാനത്തുണ്ടെന്ന് തെളിയിക്കുന്നതിനുള്ള പ്രത്യേക പഠനം നടത്തിയിട്ടില്ലെങ്കിലും കേരളത്തിൽ ഭക്ഷ്യ സംസ്കരണമേഖലയിലാണ് കൂടുതൽ സംരംഭങ്ങൾ ആരംഭിച്ചിട്ടുള്ളതെന്ന് വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | ആഭ്യന്തരവും ആഗോളവുമായ വ്യവസായ പങ്കാളിത്തം ശക്തിപ്പെടുത്തി ഈ മേഖലയിലെ നിക്ഷേപസാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പാക്കി വരുന്നുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്;<br><br>ഭക്ഷ്യ സംസ്കരണ മേഖലയിലെ നിക്ഷേപസാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പാക്കി വരുന്നുണ്ട്.<br><br>1. **പ്രധാനമന്ത്രിയുടെ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ പദ്ധതി (പി.എം.എഫ്.എം.ഇ. പദ്ധതി).**<br><br>ഭക്ഷ്യ സംസ്കരണ മേഖലയിൽ പുതിയ നിക്ഷേപസാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും നിലവിലെ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളെ ശക്തിപ്പെടുത്തുന്നതിനുമായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്ന പദ്ധതിയാണ് പ്രധാനമന്ത്രിയുടെ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ പദ്ധതി (പി.എം.എഫ്.എം.ഇ).<br><br>**2. സ്കെയിൽ അപ്പ് മിഷൻപദ്ധതി, മിഷൻ 1000**<br><br>കേരളത്തിലെ MSME കളിൽ നിന്നും തിരഞ്ഞെടുത്ത 1000 MSME-കളെ നാല് വർഷത്തിനുള്ളിൽ ആകെ ഒരു ലക്ഷംകോടി വിറ്റുവരവുള്ള ബിസിനസുകളായി |

ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാരിന്റെ സ്റ്റേയിൽ അപ്പ് മിഷൻപദ്ധതി, മിഷൻ 1000 വിഭാവനം ചെയ്തിട്ടുള്ളത്. ഭക്ഷ്യ സംസ്കരണ മേഖലയിലെ സംരംഭങ്ങൾ ഉൾപ്പെടെയുള്ളവർക്ക് ഈ പദ്ധതി വഴിയുള്ള സഹായങ്ങൾക്ക് അർഹതയുണ്ട്.

**3. സംരംഭക സഹായ പദ്ധതി (ഇ.എസ്.എസ്)**

വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കി വരുന്നു. പ്രാരംഭ സഹായം, നിക്ഷേപസഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നല്കുന്നത്. പദ്ധതി പ്രകാരം ഉല്പാദന മേഖലയിലെ സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 45% വരെ പരമാവധി 40 ലക്ഷം രൂപ വരെ പദ്ധതി നിബന്ധനകൾക്ക് വിധേയമായി ധനസഹായം നൽകുന്നു. ഭക്ഷ്യസംസ്കരണമേഖലയിലെ സംരംഭങ്ങൾ മുൻഗണനാ വിഭാഗത്തിൽപ്പെടുത്തി 10% പരമാവധി 10 ലക്ഷം രൂപഅധിക സബ്സിഡി അനുവദിക്കുന്നുണ്ട്. സംരംഭക സഹായപദ്ധതി പ്രകാരം ഒരു യൂണിറ്റിനു ലഭിക്കുന്ന പരമാവധി ആനുകൂല്യം 40 ലക്ഷം രൂപ ആണ്.

**4 നാനോ യൂണിറ്റുകൾക്കുള്ള മാർജിൻമണി ഗ്രാന്റ് പദ്ധതി**

ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപാ വരെയുള്ളതും, ഉല്പാദന മേഖല, മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവന മേഖല എന്നീ മേഖലകളിൽ ബാങ്ക് വായ്പ എടുത്ത് ആരംഭിക്കുന്നതുമായ യൂണിറ്റുകൾക്ക് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നു. ഈ പദ്ധതി പ്രകാരം ജനറൽ വിഭാഗത്തിന് മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്റ്റ് ചെലവിന്റെ 30% ഉം ഉണഭോക്തൃ വിഹിതം കുറഞ്ഞത് 30% ഉം ബാങ്ക് വായ്പ്പ 40% ഉം ആയിരിക്കും. എസ്.സി./എസ്.ടി./വനിതകൾ/വിമുക്ത ഭടന്മാർ/40 വയസ്സ് വരെയുള്ള യുവ സംരംഭകർ/ അംഗപരിമിതർ തുടങ്ങിയ പ്രത്യേക വിഭാഗക്കാർക്ക് മാർജിൻമണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 40 ശതമാനവും ഉണഭോക്തൃ വിഹിതം കുറഞ്ഞത് 20 ശതമാനവും ബാങ്ക് വായ്പ 40 ശതമാനവും ആയിരിക്കും. ഈ പദ്ധതിയിലൂടെ നല്കുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയും ആണ്.

5. **<u>ഒരു കുടുംബം ഒരു സംരംഭം പദ്ധതി</u>**

ഉല്പാദന, സേവന, വ്യാപാര മേഖലയിൽ ബാങ്ക് ലോൺ എടുത്തു പുതുതായി ആരംഭിക്കുന്ന സംരംഭങ്ങൾക്കു ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള തുകക്ക് പലിശ ഇളവ് നൽകുന്നതിനാണ് ഒരു കുടുംബം ഒരു സംരംഭം പദ്ധതി വിഭാവനം ചെയ്യുന്നത്.

6. **പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി [പി എം ഇ ജി പി]**

ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ നോഡൽ ഏജൻസിയായും, ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ, ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ, കയർ ബോർഡ് എന്നിവ നിർവഹണ ഏജൻസികളായുമുള്ള പദ്ധതിയാണ് പി എം ഇ ജി പി.

**<u>കിൻഫ്ര</u>**

സംസ്ഥാനത്ത് "ഫുഡ് പാർക്കുകൾ" എന്ന പേരിൽ ഭക്ഷ്യ സംസ്കരണ മേഖലയ്ക്ക് പ്രത്യേകമായി കിൻഫ്ര വ്യവസായ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ കാക്കഞ്ചേരിയിൽ കിൻഫ്ര ഭക്ഷ്യ സംസ്കരണ പാർക്ക്, മലപ്പുറം ജില്ലയിലെ കാക്കഞ്ചേരിയിൽ സ്പെഷ്യൽ എക്കണോമിക് സോൺ (അഗ്രോ പ്രോസസ്സിംഗ്), പത്തനംതിട്ട ജില്ലയിലെ അടൂരിൽ കിൻഫ്ര ഭക്ഷ്യ സംസ്കരണ പാർക്ക്, എറണാകുളം ജില്ലയിലെ മഴവന്നൂരിൽ കിൻഫ്ര ചെറുകിട വ്യവസായ പാർക്ക് - ഫുഡ് സോൺ, പാലക്കാട് ജില്ലയിലെ കോഴിപ്പാറയിൽ കിൻഫ്ര മെഗാ ഫുഡ് പാർക്ക്, കിൻഫ്ര സീഫുഡ് പാർക്ക് (സംയുക്തസംരംഭം) അരൂർ, ആലപ്പുഴ, തുടങ്ങിയ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്.

കിൻഫ്ര ഇടുക്കി ജില്ലയിലെ തൊടുപുഴ മുട്ടത്ത് കിൻഫ്ര സ്പൈസസ് പാർക്ക് സ്ഥാപിച്ചിട്ടുണ്ട്. സുഗന്ധവ്യഞ്ജന ഉൽപന്നങ്ങളുടെ മൂല്യവർദ്ധന, അതുവഴി കർഷകർക്ക് മികച്ച വിലയും സ്ഥിരമായ വിപണിയും ലഭിക്കുന്നതിന് സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണ് കിൻഫ്ര ഈ പാർക്ക് വികസിപ്പിക്കുന്നത്. പ്രസ്തുത പാർക്ക് ഇടുക്കി മേഖലയിലെ സുഗന്ധവ്യഞ്ജന കർഷകർക്ക് ഊർജ്ജം പകരുന്നതോടൊപ്പം സംരംഭകർക്ക് സുഗന്ധവ്യഞ്ജന വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രസ്തുത പാർക്കിൽ അവസരം ലഭിക്കും.

| | | | |
|---|---|---|---|
| | | | കാർഷിക ഉല്പന്നങ്ങളുടെ (നെല്ല്) മൂല്യവർദ്ധനം ലക്ഷ്യമാക്കി കിൻഫ്ര നടപ്പിലാക്കുന്ന പ്രധാന പദ്ധതിയാണ് റൈസ് ടെക്നോളജി പാർക്ക്. ഇതിന്റെ ഭാഗമായി പാലക്കാട് മെഗാഫുഡ് പാർക്കിൽ 5 ഏക്കർ സ്ഥലത്ത് ഒന്നാമത്തെ റൈസ് പാർക്കിന്റെയും ആലപ്പുഴയിലെ ചെങ്ങന്നൂരിൽ 5.2 ഏക്കറിൽ സ്ഥാപിക്കുന്ന രണ്ടാമത്തെ റൈസ് പാർക്കിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. കൂടാതെ കെ.എസ്.ഐ.ഡി.സി. യുടെ ആഭിമുഖ്യത്തിൽ കടൽവിഭവങ്ങൾ സംസ്ക്കരിച്ച് വിപണനം ചെയ്യുന്നതിനായി ചേർത്തലയിൽ മെഗാഫുഡ്പാർക്ക് സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു.<br><br>ഭക്ഷ്യസംസ്കരണത്തിനും മൂല്യവർദ്ധനവിനുമുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ട് സംസ്ഥാനത്ത് 10 മിനിഫുഡ് പാർക്കുകൾ സ്ഥാപിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. |
| (സി) | ഇതിന്റെ ഭാഗമായി ഭക്ഷ്യ സംസ്കരണ വികസന ബോർഡ് രൂപീകരിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; വിശദീകരിക്കുമോ? | (സി) | വ്യവസായ വകുപ്പിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ